# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 303. 13.10.2011 ൽ മറുപടിയ്ക്ക്**

## ആരാധനാലയങ്ങളുടെ സുരക്ഷ

**ചോദ്യം**

**ശ്രീ എളമരം കരീം**
**ശ്രീ എ. കെ. ബാലൻ**
**ശ്രീ എം. ഹംസ**
**ഡോ. കെ. ടി. ജലീൽ**

(എ) കേരളത്തിലെ ക്ഷേത്രങ്ങൾക്കും പള്ളികൾക്കും എതിരെ തീവ്രവാദികളുടെ ആക്രമണം ഉണ്ടായേക്കുമെന്ന് സൂചിപ്പിക്കുന്ന കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;എങ്കിൽ എപ്പോഴാണ് ലഭിച്ചത്;

(ബി) ക്ഷേത്രങ്ങളുടെയും പള്ളികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

**മറുപടി**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) കേരളത്തിലെ ക്ഷേത്രങ്ങൾക്കും പള്ളികൾക്കും എതിരെ തീവ്രവാദികളുടെ ആക്രമണം ഉണ്ടായേക്കുമെന്ന റിപ്പോർട്ട് കേന്ദ്ര ഇന്റലിജൻസിൽ നിന്നും ലഭിച്ചിട്ടില്ല. എന്നാൽ രാജ്യത്തെ എല്ലാ പ്രമുഖ ആരാധനാലയങ്ങളുടെയും സുരക്ഷ ശക്തമാക്കുവാനും ആയതിനായി സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കാനും ഇതിന്റെ നടത്തിപ്പിനായി സംസ്ഥാന തല സുരക്ഷാ കമ്മിറ്റികൾ രൂപീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് 2010 ഫെബ്രുവരി മാസം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും സംസ്ഥാന സർക്കാരിന് കത്ത് ലഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ അതീവ സുരക്ഷ അർഹിക്കുന്ന 3 ക്ഷേത്രങ്ങളാണ് ഉള്ളത്. അവ 1) ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം, 2) ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രം, 3) ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം എന്നിവയാണ്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കും ക്ഷേത്രത്തിലെ അമൂല്യം സ്വത്തുക്കൾ സംരക്ഷിയ്ക്കുന്നതിലേയ്ക്കുമായി ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ കീഴിൽ ക്ഷേത്ര പരിസരത്ത് ഒരു സ്പെഷ്യൽ പോലീസ് കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നുണ്ട്. ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കാവശ്യമായ മറ്റ് സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തി വരുന്നു.

ശബരിമലയിൽ സുരക്ഷയ്ക്കാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തജനത്തിരക്ക് ക്രമാതീതമായി ഉയരുന്ന സമയങ്ങളിൽ അധിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ട്.

സുരക്ഷാ വിഭാഗം ഐജിയുടെയും, തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെയും നേതൃത്വത്തിൽ ഗുരുവായൂർ ക്ഷേത്രത്തിൽ 2007-ൽ വിശദമായ ഒരു സുരക്ഷാ പരി [illegible] വേണ്ടി പ്രസ്തുത ആരാധനാലയങ്ങളുടെ സുരക്ഷാ ജീവനക്കാർക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുകയും, ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാന ആരാധനാലയങ്ങളുടെ സുരക്ഷാ പരിശോധന നടത്തുവാനും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും വേണ്ട നിർദ്ദേശങ്ങൾ, സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സർക്കുലർ മുഖേന നൽകിയിട്ടുണ്ട്.

(സി) അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിൽ കേന്ദ്ര സുരക്ഷാ ഏജൻസികളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് വീണ്ടും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ